5. അംഗങ്ങളുടെ ഗുരുതരമായ രോഗചികിത്സയ്ക്ക് പദ്ധതി അനുശാസിക്കുന്ന ധനസഹായം.

6. വനിതാ അംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും.

7. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം.

8. പ്രായപരിധിമൂലം അംഗത്വമെടുക്കാൻ കഴിയാത്ത പ്രവാസികൾക്ക് പ്രത്യേക ആശ്വാസനിധി രൂപീകരണം.

(ബി) 2015 ജനുവരി മാസം വരെയുള്ള കണക്കനുസരിച്ച് കേരള പ്രവാസി കേരളീയ ക്ഷേമനിധിയിലെ അംഗസംഖ്യ 1,25,671 ആണ്.

(സി) കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ നിലവിലുള്ള ആസ്തി, വിവിധ ബാങ്കുകളിൽ സ്ഥിര നിക്ഷേപമായി നിക്ഷേപിച്ചിട്ടുള്ള തുകയായ 61,98,95,095 രൂപയാണ്.

(ഡി) 2015 ജനുവരി മാസംവരെ അർഹരായ 361 പേർക്കായി 8,32,500 രൂപ പെൻഷൻ ഇനത്തിലും മരണാനന്തര ധനസഹായമായി 270 പേർക്ക് 75,95,998 രൂപയും ചികിത്സാ ധനസഹായ ഇനത്തിൽ 159 പേർക്ക് 22,20,274 രൂപയും വിവാഹ ധനസഹായമായി 129 പേർക്ക് 6,45,000 രൂപയും പ്രസവാനുകൂല്യമായി 4 പേർക്ക് 12,000 രൂപയും ബോർഡ് അനുവദിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പ്രവാസി പുനരധിവാസ പാക്കേജ്

100 (1501) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി പുനരധിവാസ പാക്കേജിൽ ആകെ എത്ര അപേക്ഷകൾ ലഭിച്ചു ; ഇതിൽ യോഗ്യതയുള്ള അപേക്ഷകൾ എത്ര ;

(ബി) ബാങ്കുകളിൽ നിന്നും വായ്പ ലഭിച്ച എത്ര അപേക്ഷകരുണ്ട് ; സബ്സിഡി ലഭിച്ചവരുടെ എണ്ണം, ലഭിച്ച തുക എന്നിവ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രവാസി പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയിൽ 19690 അപേക്ഷകൾ ലഭിച്ചു. ആയതിൽ 6751 പേരാണ് ലോണിന് അർഹതപ്പെട്ടവരായി കണ്ടെത്തിയിട്ടുള്ളത്.

(ബി) 605 പേർക്ക് വായ്പ നൽകിയിട്ടുണ്ടെന്ന് കാണിച്ച് സബ്സിഡി തുക നൽകുവാൻ ബാങ്കുകളിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്. 418 പേർക്ക് സബ്സിഡി തുക അവരുടെ ബാങ്കുകളിൽ നിക്ഷേപിച്ച് കഴിഞ്ഞു. 4.08 കോടി രൂപ സബ്സിഡി ഇനത്തിൽ നൽകിക്കഴിഞ്ഞു. ബാക്കിയുള്ളവരുടെ സബ്സിഡി തുക ബാങ്കുകളിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി നടപടി

101 (1502) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) കോൺസുലാർ സേവനം സംബന്ധിച്ച് പ്രവാസികളായ മലയാളികൾ അനുഭവിക്കുന്ന പരാതികളും പ്രശ്നങ്ങളും എന്തൊക്കെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ ആയതിനായുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) നിതാഖത്ത് നിയമം കർശനമാക്കിയതിന്റെ ഫലമായി എത്ര മലയാളികൾക്ക് ഗൾഫ് മേഖലയിൽ തൊഴിൽ നഷ്ടപ്പെടുകയുണ്ടായി; ജില്ലാടിസ്ഥാനത്തിൽ വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ഡി) നിതാഖത്ത് നിയമം വഴി ജോലി നഷ്ടമായി നാട്ടിൽ തിരിച്ചെത്തുന്നവരുടെ പുനരധിവാസ പാക്കേജിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :